(ബി) പല കോളേജുകളിലേയും പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്ക് താമസസൗകര്യം ലഭിക്കുന്നില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഈ വിഭാഗം വിദ്യാർത്ഥികൾക്ക് താമസസൗകര്യം ക്രമീകരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്കായി സംസ്ഥാനത്തെ 8 ജില്ലകളിലായി വകുപ്പിന്റെ കീഴിൽ 18 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ കൊച്ചിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ആയി ഓരോ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മിച്ച് നല്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പാരാമെഡിക്കൽ കോഴ്സിന് പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി ഓരോ ഹോസ്റ്റൽ തുടങ്ങിയിട്ടുണ്ട്. ഇതിനെല്ലാം പുറമേ കോളേജ് ഹോസ്റ്റലുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സീറ്റ് റിസർവേഷൻ നല്കി വരുന്നു. യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിനും താമസത്തിനുമുള്ള യഥാർത്ഥ ചെലവ് നല്കി വരുന്നു. ചില അടിയന്തിര ഘട്ടങ്ങളിൽ ഡിപ്പാർട്ടുമെന്റ് വക ഹോസ്റ്റലുകളിൽ സ്ഥലസൗകര്യമില്ലാതെവന്നാൽ ദൂരെനിന്ന് വരുന്ന പെൺകുട്ടികൾക്ക് യൂണിവേഴ്സിറ്റിയുടെ അംഗീകാരമില്ലാത്ത ഹോസ്റ്റലുകളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നല്കുന്ന നിരക്കിൽ മെസ്സ് ചാർജ്ജ് നല്കുകയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ എട്ടു ജില്ലാ സംസ്ഥാനങ്ങളിലാണ് ഹോസ്റ്റൽ ഉള്ളത്. ഈ വർഷം ആലപ്പുഴ ജില്ലയിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു ജില്ലാകേന്ദ്രങ്ങളിലും ആവശ്യമെന്നു കണ്ടാൽ ഹോസ്റ്റൽ തുടങ്ങുന്നതാണ്.

പട്ടികജാതി കോളനി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

14 (239) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗ സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം 2001 ജനുവരി 31 വരെ കിളിമാനൂർ നിയോജകമണ്ഡത്തിലെ പട്ടികജാതി കോളനി നിവാസികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും ആയതിലേക്ക് വേണ്ടി മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷം വിവിധ പദ്ധതികളിലായി ഇനി എന്തു തുകയാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കേരള പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന ഇതേ കാലയളവിൽ വിവിധ സ്കീമുകൾക്കായി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭവനനിർമ്മാണം, കക്കൂസ് നിർമ്മാണം, വീട് വയറിംഗ്, കിണർ നിർമ്മാണം, റോഡ് എന്നീ പദ്ധതികളാണ് കിളിമാനൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനി നിവാസികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടി നടപ്പാക്കിയിട്ടുള്ളത് ത്രിതല പഞ്ചായത്ത് ചിലവഴിച്ചതു കൂടാതെ ഇതിലേക്ക് വേണ്ടി മൊത്തം 88 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) ഈ വർഷം വിവിധ പദ്ധതികളിലായി ഇനിയും 13 ലക്ഷം രൂപ ചെലവാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നിവാസികൾക്കുവേണ്ടി വിവിധ പദ്ധതികൾക്കായി പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ 18.31 ലക്ഷം രൂപ ചെലവാക്കി.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമങ്ങൾക്കായി പദ്ധതി

15 (240) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ജനുവരി 31 വരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് പുതിയതായി നടപ്പിലാക്കിയിട്ടുള്ളതെന്നും, ആയതിലേക്കുവേണ്ടി എന്തു തുക ചെലവായിട്ടുണ്ടെന്നും വിശദീകരിക്കാമോ ;

(ബി) ഇതേ കാലയളവിൽ മൊത്തം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ചെലവായിട്ടുള്ള തുക എത്രയാണെന്നും ഓരോ വർഷത്തിലും ചെലവാക്കിയിട്ടുള്ള തുകയുടെ കണക്കുകൾ എന്താകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 കാണുക†.

(ബി) അനുബന്ധം 11 കാണുക†.

---

† അനുബന്ധം X, X 'എ'

LIBRARY ARCHIVES Kerala Legislative Assembly